## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1459

11/08/2017-ൽ മറുപടിയ്ക്ക്

## ആസ്തി വികസന പദ്ധതി

| | ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | മണലൂർ എം.എൽ.എ.യുടെ 2016-17 ലെ ആസ്തി വികസന പദ്ധതിയിലേക്ക് ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപടി സ്വീകരിക്കേണ്ട എല്ലാ പ്രവൃത്തികളുടെയും ഡി.പി.ആർ. തദ്ദേശസ്വയം ഭരണ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; | (എ) | മണലൂർ എം.എൽ.എ.യുടെ 2016-17 ലെ ആസ്തി വികസന പദ്ധതിയിലേക്ക് ശുപാർശ ചെയ്തിട്ടുള്ള പ്രവൃത്തികളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപടി സ്വീകരിക്കേണ്ട ഒരു പ്രവൃത്തി ഒഴികെ ബാക്കിയെല്ലാ പ്രവൃത്തികൾക്കും ഡി.പി.ആർ. ലഭിച്ചിട്ടുണ്ട്. |
| (ബി) | വാടാനപ്പള്ളി ഗവൺമെന്റ് എച്ച്.എസ്സിന് കെട്ടിടം പണിയുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ ഡി.പി.ആർ. തൃശ്ശൂർ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ മേൽ നടപടിക്കായി സമർപ്പിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) & (സി) | ഇല്ല. ബഹു. എം.എൽ.എ 25 ലക്ഷം രൂപയാണ് ടി പ്രവൃത്തിക്ക് ശുപാർശ ചെയ്തിരുന്നത്. ഇതിന്റെ അടങ്കൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമായത് 40 ലക്ഷം രൂപയാണ്. ആയത് 25 ലക്ഷം രൂപയിലേക്ക് നിജപ്പെടുത്തി തരുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ശുപാർശ തിരികെ നൽകിയിരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ